"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി - നിയമ വകുപ്പിൽ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി.വി.പദ്മയുടെ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലെ സെക്രട്ടറി (ലീഗൽ) തസ്തികയിലുള്ള അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.2019/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 27/10/2020

---

പരാമർശം:- 1 10.05.2013 ലെ സർക്കുലർ നമ്പർ. 42/2013/ധന

2 28.11.2013 ലെ സ.ഉ.(പി)നം.580/2013/ധന

3. സ.ഉ.(സാധാ)നം.2593/2020/തസ്വഭവ തീയതി 18.11.2019

4. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി. സെക്രട്ടറി (ടെക്നിക്കൽ/അഡ്മിനിസ്ട്രേഷൻ)-ന്റെ 16.09.2020-ലെ 247/KRERA/2020 -നമ്പർ കത്ത്

## ഉത്തരവ്

പരാമർശം (3) ലെ ഉത്തരവ് പ്രകാരം, നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി.വി.പദ്മയെ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ആസ്ഥാനത്തെ സെക്രട്ടറി (ലീഗൽ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചിരുന്നു. ശ്രീമതി.വി.പദ്മയുടെ അന്യത്ര സേവന കാലാവധി 19.11.2020-ൽ അവസാനിക്കുകയാണെന്നും അന്യത്ര സേവന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കണമെന്ന് ശ്രീമതി. വി. പദ്മ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പരാമർശം (4) പ്രകാരം കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി സെക്രട്ടറി (ടെക്നിക്കൽ/അഡ്മിനിസ്ട്രേഷൻ) അറിയിച്ചിട്ടുണ്ട്. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ചെയർമാൻ ടി അഭ്യർത്ഥന ശിപാർശ ചെയ്തിട്ടുണ്ടെന്നും അതിനാൽ ശ്രീമതി. വി.പദ്മയുടെ അന്യത്ര സേവന കാലാവധി 19.11.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി.വി.പദ്മയുടെ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലെ സെക്രട്ടറി (ലീഗൽ) തസ്തികയിലുള്ള അന്യത്ര സേവന കാലാവധി, കെ.എസ്.ആർ. ചട്ടം 140(സി)-യിലെ വ്യവസ്ഥയും അന്യത്ര സേവനത്തിനു ബാധകമായ നിലവിലുള്ള മാനദണ്ഡങ്ങൾക്കും വിധേയമായി 19.11.2020 തീയതി മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി .കെ. പ്രതാപൻ**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

ചെയർമാൻ, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം.

സെക്രട്ടറി (ടെക്നിക്കൽ/അഡ്മിനിസ്ട്രേഷൻ), കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം.

സെക്രട്ടറി (ലീഗൽ), കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം.
ശ്രീമതി. വി. പദ്മ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A &E ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA ) കേരള, തിരുവനന്തപുരം.

നിയമ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.